(ബി) ഇടുക്കി, വയനാട്, കോഴിക്കോട്, ബാർട്ടൻഹിൽ, ശ്രീകൃഷ്ണപുരം കോളേജുകളുടെ വികസനത്തിനായി സർക്കാർ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുമോ ;

(ഡി) ക്ലാസ് റൂം, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പദ്ധതികൾ നിലവിലുണ്ടോ ;

(ഡി) കോളേജ് വികസന പദ്ധതികൾക്കായി നബാർഡ് സഹായത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ഈ കോളേജുകളിൽ ആവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി കൊണ്ടിരിക്കുന്നു.

(ബി) ഇതിനായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചുകഴിഞ്ഞു.

ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ എന്നിവർക്ക് മാനേജ്മെന്റ് പരിശീലനം

13 (*553) ശ്രീമതി കെ. കെ. ലതിക :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. കൃഷ്ണ പ്രസാദ് :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഭരണപരമായ ചുമതലയുള്ള ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ എന്നിവർക്ക് മാനേജ്മെന്റ് പരിശീലനം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മാനേജുമെന്റുമായി ബന്ധപ്പെട്ട് ഏതെല്ലാം വിഷയങ്ങളിലാണ് സീമാറ്റിൽ പരിശീലനം നൽകുന്നത് ;

(ഡി) വിവരാവകാശനിയമം, ഇ-ഗവേണൻസ്, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, ഓഫീസ് നടപടിക്രമങ്ങൾ തുടങ്ങിയവ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഭരണപരമായ ചുമതലയുള്ള ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ എന്നിവർക്ക് ഏതേത് വിഷയങ്ങളിലാണ് മാനേജുമെന്റ് പരിശീലനം ആവശ്യമുള്ളതെന്ന് ട്രെയ്നിംഗ്

LIBRARY ARCHIVES Kerala Legislative Assembly

നീഡ് അസസ്മെന്റിലൂടെ കണ്ടെത്തുകയും, അവ വിശകലനം ചെയ്യുകയും, ആവശ്യമുള്ള മേഖലകൾ കണ്ടെത്തി മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നൽകുകയുമാണ് ചെയ്യാറുള്ളത്. പരിശീലനശേഷം, അവ വിലയിരുത്തുകയും, ഫല പ്രാപ്തി പഠനം നടത്തുകയും ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു.

2009-10 അദ്ധ്യയന വർഷം സീമാറ്റ് തയ്യാറാക്കിയ പരിശീലന പദ്ധതി പ്രകാരം ഹയർ സെക്കണ്ടറി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കും 3 ദിവസം ദൈർഘ്യമുള്ള റസിഡൻഷ്യൽ രീതിയിലുള്ള പരിശീലനം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം, എറണാകുളം മേഖലകളിൽപ്പെട്ട തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി ജില്ലകളിൽ 2009 ഫെബ്രുവരി മാസത്തിലും കോഴിക്കോട് മേഖലയിൽപ്പെട്ട മലപ്പുറം കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ 2009 ഫെബ്രുവരി-മാർച്ച് മാസങ്ങളിലുമായിട്ടാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

2008-09 അദ്ധ്യയന വർഷം സംസ്ഥാനത്തെ 389 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെയും പ്രിൻസിപ്പൽമാർക്ക് മാനേജുമെന്റ് പരിശീലനം നൽകിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാരാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.

(ബി) ഓഫീസ് മാനേജുമെന്റ്, മൈക്രോലെവൽ പ്ലാനിംഗ്, വ്യക്തിത്വ വികസനം, ടൈം മാനേജുമെന്റ്, ലോജിസ്റ്റിക് മാനേജുമെന്റ്, ഫിനാൻസ് മാനേജുമെന്റ്, കോടതി കേസ്സുകളുടെ നടത്തിപ്പ്, ആഡിറ്റ് എന്നിവയിലും കെ. എസ്.ആർ., കെ.ഇ.ആർ., എം.ഒ.പി. തുടങ്ങിയവയിലുമാണ് പ്രധാനമായും പരിശീലനം നൽകുന്നത്.

(സി) പരിശീലനങ്ങളിൽ ഇവ ഉൾപ്പെടുത്തിയിട്ടുണ്ട്.

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി നടപടി

14 (*554) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. ശശികുമാർ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ.. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഐക്യരാഷ്ട്ര സഭ അംഗീകരിച്ച കുട്ടികളുടെ അവകാശ ഉടമ്പടിയിൽ കുട്ടികളുടെ ഏതെല്ലാം അവകാശങ്ങൾ സംരക്ഷിക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly